# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1327** 10.08.2017-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ ഉന്നമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് പുതിയ രീതികളിൽ മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും മറ്റും സർക്കാർ പലിശരഹിത വായ്പ നൽകുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി തയ്യാറാക്കാൻ നടപടിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ)യും (ബി)യും | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിന് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് മത്സ്യഫെഡ് നബാർഡുമായി ചേർന്ന് ഒരു വായ്പ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി നബാർഡിൽ സമർപ്പിച്ചിട്ടു ണ്ട്. പലിശരഹിത മായി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇല്ലെങ്കിൽ പുതിയ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരളത്തിലെ പ്രധാന മത്സ്യമേഖലകളിൽ വിവിധ തരം ഫ്ലാറ്റ് സമുച്ചയങ്ങൾ ന്യായമായ നിരക്കിൽ, സർക്കാർ സബ്സിഡിയോടെ പണിതു കൊടുക്കാൻ നടപടി സ്വീകരിക്കുമോ: | (സി) | ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് പോലെയുള്ള സുരക്ഷിത പാർപ്പിടം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. ഫ്ളാറ്റുകളെല്ലാം തന്നെ തികച്ചും സൗജന്യമായാണ് ഗുണഭോക്താക്കൾക്ക് പ ണിത് കൈമാറ്റം ചെയ്യുന്നത്.<br><br>ഭൂരഹിതരും ഭവനരഹിതരുമായ തെരെഞ്ഞെടുക്കപ്പെടുന്ന 275 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പ ദ്ധതി"യ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ ദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ഈ പ ദ്ധതിയിലുൾപ്പെടുത്തി വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തു കഴിഞ്ഞു. ഇതോടൊപ്പം തന്നെ മുട്ടത്തറ വില്ലേജിൽ 192 ഫ്ളാറ്റുകളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ 4.70 കോടി രൂപ അടങ്കൽ തുകയിൽ അടിമലത്തുറ മത്സ്യഗ്രാമത്തിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിൽ എവിടെയെങ്കിലും ഇവർക്കായി ഫ്ലാറ്റ് സമുച്ചയത്തിന്റെ പണി നടക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ വില്ലേജിൽ സ്വീവേജ് ഫാമിനോട് ചേർന്നുകിടക്കുന്ന 3.5 ഏക്കർ സർക്കാർ ഭൂമിയിൽ 192 വ്യക്തിഗത ഫ്ളാറ്റുകളുടെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ, ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ